515340

**D 103684** **(Pages : 2)** **Name.......................................**

**Reg. No...................................**

## SECOND SEMESTER (CBCSS–UG) DEGREE EXAMINATION, APRIL 2024

(B.Com./B.B.A.)

Malayalam

MAL 2A 08 (2)—MALAYALA SAHITHYA PADANAM 2

(2019–2023 Admissions)

Time : Two Hours and a Half Maximum : 80 Marks

### Section A

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.

1 ‘മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ’–ആശയമെന്ത് ?

2 ‘ശരിയാ, നമ്മളെതിർത്താലും അവര് ഒന്നിച്ച് ജീവിക്കും. സഹകരിച്ചാ നമുക്ക് കൊള്ളാം–സന്ദർഭം വ്യക്തമാക്കുക.

3 ‘വരുംകൊല്ലമാരെന്നു, മെന്തെന്നുമാർക്കറിയാം’–ഈ ചിന്തയുടെ പിന്നിലെ പ്രേരണ എന്ത് ?

4 ‘മനസ്സാൽ ചെയ്യപ്പെട്ട പാപമേ ഗുരുതരം’ ആരുടെ വാക്കുകൾ ? സന്ദർഭമേത് ?

5 ‘മരണങ്ങളുടെ തമാശയിൽ ഹരംകൊണ്ടിരുന്ന ആ മനുഷ്യൻ കഴിയാവുന്നതും ആംബുലൻസിന് മുമ്പിൽ കയറിപ്പോകാതിരിക്കാൻ ഒക്കാത്തവിധം കാറോടിച്ചു’–സന്ദർഭം വ്യക്തമാക്കുക.

6 ‘നമുക്കുടനെ ദർഭപ്പുല്ലുകൊണ്ട് കിടക്ക വിരിച്ച് അതിൽ കിടന്ന് ഗാന്ധർവ്വം ഉദ്ഘാടനം ചെയ്യാം’. ആരാണ് ഇങ്ങനെ പറഞ്ഞത് ? സന്ദർഭമേത് ?

7 രണ്ട് പേര് ! ഒടലും പെണ്ണത്തോം കെട്ത്തപ്പെട്ട രണ്ട് പെണ്ണുങ്ങള് !–സൂചനയെന്ത് ?

8 സാകേതം എന്ന വാക്കിന്റെ അർത്ഥമെന്ത് ? സാകേതം എന്ന നാടകത്തിലെ നായകനാര് ?

9 ‘അയോദ്ധ്യയിലെ രാജാക്കന്മാർ ഭാവിയിലെങ്കിലും സ്ത്രീക്കു വേണ്ടി രാജ്യത്തെ ഹോമിക്കാതിരിക്കട്ടെ.’ ആശയവും സന്ദർഭവും വ്യക്തമാക്കുക.

10 ഒരു സിന്ദൂരപ്പൊട്ടായി ലേഖകന് തോന്നിയത് ഏതു കാഴ്ചയാണ് ?

11 ‘സ്വത്തിന്റെ കാര്യൊന്നും ഇബടെ ആരും പറഞ്ഞില്യ. ഒരു പാവടെ കാര്യല്ലേ ഇബടെ പറേണത് ?’ സന്ദർഭം വ്യക്തമാക്കുക.

12 ‘സുഹൃത്തേ ഞാനെന്റെ ജീവിതം ഉപേക്ഷിക്കാൻ പോവുകയാണ്. ഞാനതിനെ ആത്മഹത്യ എന്ന് വിളിക്കുകയില്ല’–ക്രിസ്റ്റിൻ അഹ്റോൻ ഇങ്ങനെ പറയാൻ കാരണമെന്ത് ?

13 തല പുറകിലേക്കെറിഞ്ഞ് തോളുകൾ കുലുക്കി ശൂർപ്പണഖ ഉച്ചത്തിലുച്ചത്തിൽ ചിരിക്കാൻ തുടങ്ങി. കാരണമെന്ത് ?

**Turn over**

515340

14 ഓർമ്മകൾ ഉണ്ടായിരിക്കണമെന്ന് എൻ.എൻ. കക്കാട് പറയുന്നു, ഏതൊക്കെ ഓർമ്മകളാണ് ?

15 മാതൃഹന്താവിൻ മഴുപൊന്താത്തതെന്തീസ്സുഖോന്മത്തർതൻ നേർക്ക് ? ആരുടെ മനസ്സിലാണ് ഇങ്ങനെ തോന്നിയത് ? കാരണമെന്ത് ?

(25 marks)

## Section B

II. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

16 'മോദസ്ഥിതനായതെങ്ങു വസിപ്പൂ മല പോലെ' എന്ന കഥയിൽ ജാതിമേൽക്കോയ്മയെ സൂചിപ്പിക്കാൻ വസ്ത്രം കടന്നുവരുന്നതെങ്ങനെ ?

17 പരശുരാമൻ അമ്മയെ കൊല്ലാൻ കാരണമെന്ത് ?

18 സഫലമീയാത്രയിൽ കവി മുന്നോട്ടുവയ്ക്കുന്ന ദർശനങ്ങൾ എന്തൊക്കെയാണ് ?

19 'നീയും പുത്രശോകത്താൽ മരിക്കും' എന്ന ശാപം ദശരഥന് കിട്ടിയതെങ്ങനെ ?

20 പഞ്ചവടിയും ഗോദാവരിയും തീരവും ശൂർപ്പണഖയ്ക്ക് നൽകുന്ന ഓർമ്മകൾ എന്തെല്ലാമാണ് ?

21 പാവക്കുട്ടിയെ പ്രേമയ്ക്ക് കൊടുക്കാൻ നേരം എന്തു പറഞ്ഞാണ് കമലയെ അമ്മമ്മ ആശ്വസിപ്പിച്ചത് ?

22 പുരാണ കഥാപാത്രങ്ങളെ സാധാരണക്കാരാക്കി അവതരിപ്പിക്കുകയാണ് ദുഷ്യന്തൻ മാഷ് എന്ന കഥയിൽ–വിലയിരുത്തുക.

23 വള്ളത്തോളിന്റെ മാതൃഭാഷാ സ്നേഹം 'എന്റെ ഭാഷ' എന്ന കവിതയിൽ തെളിഞ്ഞു കാണാം. വിശദീകരിക്കുക.

(35 marks)

## Section C

III. ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് മൂന്നു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

24 'മോദസ്ഥിതനായങ്ങു വസിപ്പൂ മലപോലെ' എന്ന കഥ നൽകുന്ന സന്ദേശമെന്ത് ? ചർച്ച ചെയ്യുക.

25 സമകാലിക സാമൂഹികാവസ്ഥകളെ ദുഷ്യന്തൻ മാഷ് എന്ന കഥയിൽ വി.കെ.എൽ. എത്രത്തോളം അവതരിപ്പിച്ചിട്ടുണ്ട്. വിശദീകരിക്കുക.

26 തുറന്നെഴുത്തിന്റെ സൗന്ദര്യം പാവക്കുട്ടി എന്ന ഓർമ്മക്കുറിപ്പിൽ കാണാം. വിലയിരുത്തുക.

27 അന്ത്യഘട്ടങ്ങളിൽ ആത്മനിന്ദയും പശ്ചാത്താപവും മാത്രമേ പരശുരാമന് കൂട്ടിനുള്ളൂ–സമർത്ഥിക്കുക.

($2 \times 10 = 20$ marks)



13365